C

KANNUR UNIVERSITY * RESEARCH AND DEVELOPMENT CELL * Civil Station P.O. Kannur-670 002
Ad | PID | Acad
DPE | KANNUR UNIVERSITY | Fin
26 JUN 2025
SDE | No. 13758 | Exam
IQAC | PF | LIB | RTI | DSS

"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**<u>സംഗ്രഹം</u>**

ഉന്നത വിദ്യാഭ്യാസ വകുപ്പ്-കോളേജ് വിദ്യാഭ്യാസം-സ്ഥിരം ഗവേഷണ വിദ്യാർത്ഥികൾക്കായി "CM - Researcher Scholarship" എന്ന പേരിൽ പുതിയ സ്കോളർഷിപ്പ് പദ്ധതി നടപ്പിലാക്കുന്നത്-മാർഗ്ഗനിർദ്ദേശങ്ങൾ അംഗീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**ഉന്നത വിദ്യാഭ്യാസ(സി) വകുപ്പ്**

സ.ഉ.(കൈ) നം.387/2025/HEDN തീയതി,തിരുവനന്തപുരം, 16-06-2025

---

പരാമർശം:- കോളേജ് വിദ്യാഭ്യാസ ഡയറക്ടറുടെ 25.04.2025, 21.05.2025 തീയതികളിലെ DCETVM/4035/2025- Q1 നമ്പർ കത്തുകൾ .

**<u>ഉത്തരവ്</u>**

ഗവേഷണ വിദ്യാർത്ഥികൾക്ക് പ്രോത്സാഹനം നൽകുന്നതിന്റെ ഭാഗമായി സ്ഥിരം ഗവേഷണ വിദ്യാർത്ഥികൾക്ക് പ്രതിമാസ ഫെലോഷിപ്പ് ലഭ്യമാക്കുക എന്ന ഉദ്ദേശത്തോടെ സർക്കാർ പ്രഖ്യാപിച്ചിട്ടുള്ള പദ്ധതിയാണ് "CM Researcher Scholarship".ഈ പദ്ധതി കുറ്റമറ്റ രീതിയിൽ സുതാര്യമായി നടപ്പാക്കുന്നതിനായി ചുവടെ ചേർത്തിട്ടുള്ള പ്രകാരം മാർഗ്ഗ നിർദ്ദേശങ്ങൾ നിശ്ചയിച്ച് ഉത്തരവാകുന്നു:

1. അപേക്ഷകർ ഇന്ത്യൻ പൗരനും, സർക്കാർ, എയ്ഡഡ്, യൂണിവേഴ്സിറ്റി ഡിപ്പാർട്ട്മെന്റുകൾ എന്നിവിടങ്ങളിലെ റെഗുലർ/ഫുൾ ടൈം PhD റിസർച്ച് സ്കോളറും ആയിരിക്കണം.
2. അപേക്ഷ ക്ഷണിച്ചു കൊണ്ട് വിജ്ഞാപനം പുറപ്പെടുവിക്കുന്ന വർഷം രജിസ്റ്റർ ചെയ്തിട്ടുള്ള റെഗുലർ/ഫുൾ ടൈം ഗവേഷണ വിദ്യാർത്ഥികൾക്ക് അപേക്ഷിക്കാവുന്നതാണ്.
3. കേന്ദ്ര/കേരള സർക്കാർ, യൂണിവേഴ്സിറ്റി, മറ്റ് ഏതെങ്കിലും ഫണ്ടിംഗ് ഏജൻസികളിൽ നിന്ന് ഫെല്ലോഷിപ്പ് സ്വീകരിക്കുന്ന വിദ്യാർത്ഥികൾക്ക് ഈ സ്കോളർഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
4. മാസം തോറും 10,000 /- രൂപ (പതിനായിരം രൂപ) രൂപയാണ് ഫെല്ലോഷിപ്പ് തുക. പ്രസ്തുത തുക വർഷത്തിൽ 2 ഗഡുക്കളായി ജൂണിലും, ഡിസംബറിലുമായി അനുവദിച്ചു നൽകുന്നതാണ്.
5. റിസർച്ച് സ്കോളർ ആയി ജോയിൻ ചെയ്യുന്ന തീയതി മുതൽ മൂന്ന് വർഷത്തേക്ക് മാത്രമായിരിക്കും ഫെലോഷിപ്പ് അനുവദിക്കുക.
6. ജോയിനിംഗ് റിപ്പോർട്ട് സമർപ്പിക്കുന്ന മുറക്ക് ആദ്യ ഗഡു സ്കോളർഷിപ്പ് തുക അനുവദിക്കുന്നതാണ്. പിന്നീടുള്ള ഗഡുക്കൾ അറ്റന്റൻസ് & പ്രോഗ്രസ്സ് റിപ്പോർട്ട് സമർപ്പിക്കുന്ന മുറക്ക് അനുവദിക്കും.
7. ആറ് മാസം കൂടുമ്പോൾ ബന്ധപ്പെട്ട ഗൈഡിൽ നിന്നും അറ്റന്റൻസ് & പ്രോഗ്രസ്സ് റിപ്പോർട്ട് ഒപ്പിട്ട് വാങ്ങി സ്ഥാപന മേധാവി വഴി സമർപ്പിക്കേണ്ടതാണ്. ആയത് സമർപ്പിക്കുന്ന മുറക്കു്ക്ക് മാത്രമേ സ്കോളർഷിപ്പ് തുക വിദ്യാർത്ഥികളുടെ അക്കൗണ്ടിലേക്ക് അനുവദിക്കുകയുള്ളൂ.

8. ബന്ധപ്പെട്ട യൂണിവേഴ്സിറ്റി ഉത്തരവിൽ കാണിച്ചിട്ടുള്ള കാലയളവിനുള്ളിൽ ഗവേഷണം പൂർത്തിയാക്കി തീസിസ് സമർപ്പിക്കേണ്ടതാണ്. അല്ലാത്ത പക്ഷം കൈപ്പറ്റിയ സ്കോളർഷിപ്പ് തുക 18 % പലിശ സഹിതം തിരിച്ചടക്കേണ്ടതാണ്.
9. ഇടക്ക് വച്ച് ഫുൾ ടൈം കോഴ്സിൽ നിന്ന് പാർട്ട് ടൈം കോഴ്സിലേക്ക് മാറുന്ന പക്ഷം ഫെലോഷിപ്പിന് അർഹത ഉണ്ടായിരിക്കുന്നതല്ല.
10. ഗവേഷണം പൂർത്തിയാക്കുന്ന മുറക്ക് യൂണിവേഴ്സിറ്റി നൽകുന്ന തീസിസ് കംപ്ലീഷൻ സർട്ടിഫിക്കറ്റ്, PhD ഡിഗ്രി യുടെ പകർപ്പ് എന്നിവ സമർപ്പിക്കേണ്ടതാണ്.
11. അപേക്ഷകരുടെ ബാഹുല്യത്തിനും, അലോട്ട്മെൻറ് ലഭ്യതക്കും അനുസരിച്ച് സ്കോളർഷിപ്പ് നിജപ്പെടുത്തുന്നതിന് അക്കാഡമിക് മെരിറ്റിന്റെ (അടിസ്ഥാന കോഴ്സ്) അടിസ്ഥാനത്തിൽ മുൻഗണന നിശ്ചയിക്കുന്നതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രാജേഷ് എം**

**ജോയിന്റ് സെക്രട്ടറി**

കോളേജ് വിദ്യാഭ്യാസ ഡയറക്ടർ

ഡെപ്യൂട്ടി ഡയറക്ടർ ( കൊല്ലം/കോട്ടയം/എറണാകുളം/തൃശ്ശൂർ/കോഴിക്കോട്)

റജിസ്ട്രാർ, കേരള/മഹാത്മാഗാന്ധി/കണ്ണൂർ/കോഴിക്കോട്/ശ്രീ.ശങ്കരാചാര്യ സംസ്കൃതം/തുഞ്ചത്തെഴുത്തച്ഛൻ മലയാളം സർവ്വകലാശാല

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ആഡിറ്റ്) കേരള ,തിരുവനന്തപുരം.

നോഡൽ ഓഫീസർ, www.highereducation.kerala.gov.in

കരുതൽ ഫയൽ/ഓഫീസ് കോപ്പി(സി2/146/2025/ഉ.വി.വ).

ഉത്തരവിൻ പ്രകാരം

Signed by

Sheeba Jayadevan

Date: 17-06-2025 12:07:59

സെക്ഷൻ ഓഫീസർ